ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രി
കരുവേലിപ്പടി, കൊച്ചി - 682005, എറണാകുളം ജില്ല
ഫോൺ നമ്പർ : 0484 - 2210648 ഇ-മെയിൽ :gmhkaruvelippady@gmail.com

ഭരണഭാഷ-മാതൃഭാഷ

നമ്പർ : സി1-3215/19 തീയതി: 21.01.2021.

## റീ ടെണ്ടർ നോട്ടീസ്

ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രി കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന 9 മഴ മരങ്ങളും, ഒരു അക്കേഷ്യ മരവും, ഒരു മഴ മരത്തിന്റെ ശിഖരങ്ങളും ടെണ്ടർ നടപടികൾ പാലിച്ചുകൊണ്ട് വിൽക്കുവാൻ ഉദ്ദേശിക്കുന്നു. താല്പര്യമുള്ള വ്യക്തികളിൽ നിന്നും/ഏജൻസികളിൽ നിന്നും/കോൺട്രാക്ടർമാരിൽ നിന്നും, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

ടെണ്ടർ ഫോമിനോടൊപ്പം നിരതദ്രവ്യമായി, രൂപ 2500/- (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ഡി.ഡി ആയി (ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ ഇന്ത്യ, തോപ്പുംപടി ശാഖയിൽ മാറാവുന്നത്) സമർപ്പിക്കേണ്ടതാണ്.

ടെണ്ടർ ഫോം വിതരണം ചെയ്യുന്ന അവസാന തീയതി: 22.02.2021 ന് ഉച്ചയ്ക്ക് 3 മണി വരെ.

ടെണ്ടർ ഫോം സ്വീകരിക്കുന്ന അവസാന തീയതി: 23.02.2021 ഉച്ചയ്ക്ക് 12.00 മണി വരെ.

ടെണ്ടർ തുറക്കുന്ന തീയതി : 23.02.2021 ഉച്ചയ്ക്ക് 1.00 മണി.

അടങ്കൽ തുക (എറണാകുളം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ നിർണ്ണയിച്ചിട്ടുള്ള വില) 2,40,463/- രൂപ

**ടെണ്ടർ ഫോമിന്റെ വില**

ഒറിജിനൽ - 500 + ജി.എസ്.ടി (12%+1%)
ഡ്യൂപ്ലിക്കേറ്റ് - 300 + ജി.എസ്.ടി (12%+1%)

**നിബന്ധനകൾ**

1. കിഫ്ബി മുഖാന്തിരം ഈ സ്ഥാപനത്തിൽ നിർമ്മിക്കുന്ന മൾട്ടിസ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സൈറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായാണ് ടി മരങ്ങൾ മുറിച്ചുമാറ്റുന്നത് എന്നുള്ളതിനാൽ പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്കായിരിക്കും ഏറ്റവും കൂടിയ നിരക്ക് തുക രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ താല്കാലികമായി അംഗീകരിക്കുന്നതും, ജില്ലാ മെഡിക്കൽ ഓഫീസറുടെ അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് ടെണ്ടർ സ്ഥിരപ്പെടുത്തുന്നതും.
2. 9 മഴ മരങ്ങൾ, ഒരു അക്കേഷ്യ ഉൾപ്പെടെയുള്ള 10 മരങ്ങളും, ഇതിൽ ഉൾപ്പെടാത്ത മറ്റൊരു മഴ മരത്തിന്റെ ശിഖരങ്ങൾ, എന്നിവയുടെ ആകെ വിലയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്. ടെണ്ടർ ലഭിയ്ക്കുന്ന വ്യക്തി ടെണ്ടറിൽ മരത്തിന്റെ വില രേഖപ്പെടുത്തുന്ന തുകയുടെ 18% നികുതി ജി.എസ്.ടി ആയി അടക്കേണ്ടതായി രേഖപ്പെടുത്തുന്ന തുകയുടെ... വിലയായി രേഖപ്പെടുത്തുന്നതാണ്. കൂടാതെ പ്രസ്തുത ടെണ്ടറിൽ മരത്തിന്റെ വിലയായി രേഖപ്പെടുത്തുന്ന തുകയും 18% ജി.എസ്.ടി നികുതിയും ഉൾപ്പെടെയുള്ള ആകെ തുകയുടെ 5% വനവികസന ഫണ്ടിലേക്കും ടെണ്ടർ ലഭിക്കുന്നയാൾ അടക്കേണ്ടതാണ്.

SF 23/1/21

3. ടെണ്ടർ ലഭിച്ച വ്യക്തി സ്വന്തം ചെലവിൽ മരത്തിന്റെ എല്ലാ ഭാഗങ്ങളും 15 ദിവസത്തിനകം മുറിച്ചുമാറ്റി നീക്കം ചെയ്യേണ്ടതാണ്. മരങ്ങളുടെ യാതൊരു വിധ ഭാഗങ്ങളും ഈ ആശുപത്രിയിൽ നിക്ഷേപിക്കുവാൻ പാടുള്ളതല്ല. ടി കാലാവധിക്കുള്ളിൽ നീക്കം ചെയ്യാത്ത മരങ്ങൾ മറ്റൊരു ടെണ്ടർ/ലേലം നടപടികളിലൂടെ നീക്കം ചെയ്യുന്നതിനുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

4. മരം മുറിക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾ ആളുകൾക്കോ, ആശുപത്രി കെട്ടിടത്തിനോ, ഉപകരണങ്ങൾക്കോ, മറ്റ് സ്ഥാവരജംഗമ വസ്തുക്കൾക്കോ, മറ്റ് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികൾക്കോ ഉണ്ടാവാൻ പാടുള്ളതല്ല. ഏതെങ്കിലും വിധത്തിലുള്ള നാശനഷ്ടം ഉണ്ടാവുകയാണെങ്കിൽ അത് സ്വന്തം ഉത്തരവാദിത്വത്തിൽ പരിഹരിച്ചുതരേണ്ടതാണ്.

5. ടെണ്ടർ ലഭിയ്ക്കുന്ന വ്യക്തി ടെണ്ടർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി മരങ്ങൾ മുറിയ്ക്കുന്നതിനുമുൻപ് അടക്കേണ്ടതും, മേൽ ഖണ്ഡിക (3) പ്രകാരമുള്ള നാശനഷ്ടങ്ങൾ ഒന്നുമില്ലാതെ മരങ്ങൾ മുറിച്ചു മാറ്റി ഒരു മാസത്തിനു ശേഷം പ്രസ്തുത തുക തിരികെ നൽകുന്നതുമായിരിക്കും.

6. സ്വീകരിക്കാതെയുള്ള ടെണ്ടറിനോടൊപ്പമുള്ള നിരതദ്രവ്യം തിരികെ നൽകുന്നതും ടെണ്ടർ ലഭിച്ച വ്യക്തിയുടെ നിരതദ്രവ്യം .സെക്യൂരിറ്റി ഡെപ്പോസിറ്റുമായി തട്ടിക്കിഴിക്കുന്നതുമാണ്.

7. ടെണ്ടറിൽ രേഖപ്പെടുത്തുന്ന തുക അപര്യാപ്തമാണെന്ന് തോന്നുന്ന പക്ഷം റീ-ടെണ്ടർ വിളിയ്ക്കുന്നതാണ്.

8. മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷ സ്വന്തം നിലയിൽ ഉറപ്പാക്കേണ്ടതും ഏതെങ്കിലും തരത്തിലുള്ള സുരക്ഷാ വീഴ്ചയ്ക്ക് ആശുപത്രി അധികാരികൾ ഉത്തരവാദികളായിരിക്കുന്നതുമല്ല.
9. ടെണ്ടർ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്. ഏതൊരു ടെണ്ടറും കാരണം കാണിക്കാതെ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും, ടെണ്ടർ നടപടികൾ പൂർണ്ണമായും ഒഴിവാക്കുന്നതിനുമുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.
10. മേൽപറഞ്ഞ നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് 200/- രൂപയുടെ മുദ്രപത്രത്തിൽ സൂപ്രണ്ടുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

സൂപ്രണ്ട്
Superintendent
Govt. Maharaja's Hospital
Karuvelippady, Kochi

GOVT MAHARAJA'S HOSPITAL KARUVELIPPADY, KOCHI

നോട്ടീസ് ബോർഡ്

പകർപ്പ്:-

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) എറണാകുളം.
2. കോർപ്പറേഷൻ സോണൽ ഓഫീസ്, മട്ടാഞ്ചേരി/ഫോർട്ടുകൊച്ചി.
3. കോർപ്പറേഷൻ ഓഫീസ്, കൊച്ചി(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
4. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, ഫോർട്ടുകൊച്ചി/തൃപ്പൂണിത്തുറ/താലൂക്ക് ആശുപത്രി, പള്ളുരുത്തി
5. സൂപ്രണ്ട്, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, മട്ടാഞ്ചേരി
6. സൂപ്രണ്ട്, ജനറൽ ആശുപത്രി, എറണാകുളം.
7. ജില്ലാ ടി.ബി ഓഫീസർ, ടി.ബി സെന്റർ, കരുവേലിപ്പടി
8. അസി. ഫോറസ്റ്റ് കൺസർവേറ്റർ, ഇടപ്പള്ളി.
9. ഫയൽ/കരുതൽ ഫയൽ